"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി - ശ്രീ. സിറാജുദ്ദീൻ എസ് -ന്റെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉപഭോക്തൃകാര്യ വകുപ്പ്**

സ.ഉ.(സാധാ) നം.8/2025/CAD തീയതി,തിരുവനന്തപുരം, 23-02-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 11/2023/സിഎഡി, തീയതി, 09.02.2023.

2. അക്കൗണ്ടന്റ് ജനറലിന്റെ 06.12.2024 ലെ GE18/F/LM/S-44/1084890/776 നമ്പർ കത്ത്

3. ലീഗൽ മെട്രോളജി കൺട്രോളറുടെ 07.01.2025 ലെ LMD-HQ/1865/2024- B3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ലീഗൽ മെട്രോളജി വകുപ്പിൽ ഡെപ്യൂട്ടി കൺട്രോളറായ ശ്രീ. സിറാജുദ്ദീൻ എസ്-ന്റെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനായി പരാമർശം (3) പ്രകാരം ലീഗൽ മെട്രോളജി കൺട്രോളർ ശിപാർശ സർക്കാരിൽ ലഭ്യമാക്കിയിരുന്നു. പരാമർശം (1) ഉത്തരവ് പ്രകാരം ഡെപ്യൂട്ടി കൺട്രോളറായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. സിറാജുദ്ദീൻ എസ് 10.02.2023 അപരാഹ്നത്തിൽ സ്ഥാനമേറ്റെടുത്തു. ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പ്രൊബേഷൻ കാലയളവായ 6 മാസ കാലയളവിൽ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ല എന്ന് അക്കൗണ്ടന്റ് ജനറൽ പരാമർശം (2) പ്രകാരം സാക്ഷ്യപ്പെടുത്തുന്നു. ഡെപ്യൂട്ടി കൺട്രോളർ തസ്തികയിൽ ശ്രീ.സിറാജുദ്ദീൻ എസ്-ന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും അച്ചടക്ക നടപടികളൊന്നും ടിയാനെതിരെ നിലവിലില്ലാത്തതുമാണെന്നും; അതിനാൽ പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കുന്ന 11.08.2023 പൂർവാഹ്നത്തിൽ ടിയാന്റെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവാകണമെന്നും കൺട്രോളർ ശിപാർശ ചെയ്തിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലീഗൽ മെട്രോളജി വകുപ്പിലെ ഡെപ്യൂട്ടി കൺട്രോളർ തസ്തികയിൽ പ്രൊബേഷൻ കാലാവധി പൂർത്തിയാക്കിയ ശ്രീ.സിറാജുദ്ദീൻ എസ്-ന്റെ ഡെപ്യൂട്ടി കൺട്രോളർ

തസ്തികയിലെ പ്രൊബേഷൻ താഴെ പറയും പ്രകാരം പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

| പേര് ഉദ്യോഗപ്പേര് | ഡെപ്യൂട്ടി കൺട്രോളർ തസ്തികയിൽ പ്രവേശിച്ച തീയതി | ഡെപ്യൂട്ടി കൺട്രോളർ തസ്തികയിലെ പരിവിക്ഷാ കാലയളവ് | പരിവീക്ഷക്ക് കാണക്കാക്കാത്ത കാലയളവ് | പരിവീക്ഷ പൂർത്തിയാകുന്ന തിയ്യതി | പരിവീക്ഷ പ്രഖ്യാപിക്കേണ്ട തിയ്യതി |
|---|---|---|---|---|---|
| ശ്രീ. സിറാജുദിൻ. എസ്. (പെൻ - 377101) | **10.02.2023** അപരാഹ്നം. | തുടർച്ചയായ 6 മാസം | ഇല്ല | **10.08.2023** അപരാഹ്നം | **11.08.2023** പൂർവാഹ്നം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU R R**

ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്, തിരുവനന്തപുരം.

ശ്രീ.സിറാജുദിൻ എസ്, ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി (ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്, കേരള,തിരുവനന്തപുരം.

നവ -ദൃശ്യ അച്ചടി വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി (ഫയൽ നം.സിഎ4.12/2025/സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ